**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 76** | **18-09-2025 - ൽ മറുപടിയ്ക്ക്**

**ഇടുക്കിയിലെ അനധികൃത മരംമുറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന്, ശ്രീ. നജീബ് കാന്തപുരം, ശ്രീ. കുറുക്കോളി മൊയ്തീൻ, ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. എ. കെ. ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പട്ടയ ഉടമകൾക്ക് രാജകീയ മരങ്ങൾ വെട്ടാൻ അനുമതി നൽകിയ ഉത്തരവ് റദ്ദാക്കിയതിനു ശേഷം, അടിമാലി, നേര്യമംഗലം, മുള്ളരിങ്ങാട്, തൊട്ടുപുഴ റേഞ്ചുകളിൽ നിന്ന് ഏകദേശം 30 ലക്ഷം രൂപ വിലമതിക്കുന്ന മരങ്ങൾ വെട്ടിമാറ്റിയതായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടയ ഉടമകൾക്ക് രാജകീയ മരങ്ങൾ വെട്ടാൻ നൽകിയ അനുമതി റദ്ദ് ചെയ്തുകൊണ്ട് റവന്യൂ വകുപ്പ് പുറപ്പെടുവിച്ച 02.02.2021-ലെ സ.ഉ.(കൈ) 30/2021/റവ. ഉത്തരവിനെ തുടർന്ന് വനം വകുപ്പിൽ രൂപീകരിച്ച സ്പെഷ്യൽ ഇൻവസ്റ്റിഗേഷൻ ടീം സമർപ്പിച്ച വിശദമായ റിപ്പോർട്ട് 25.06.2021 തീയതിയിൽ വി.ഇ.10-990/2021 കത്ത് പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിരുന്നു. പ്രസ്തുത സ്പെഷ്യൽ ഇൻവസ്റ്റിഗേഷൻ ടീം നടത്തിയ അന്വേഷണത്തിൽ റവന്യൂ വകുപ്പ് അനുമതി റദ്ദ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചതിനുശേഷവും ഏതാനും പാസുകൾ നൽകിയതായി കണ്ടെത്തിയിട്ടുണ്ട്. അടിമാലി 16 പെർമിറ്റ്സ്, നേര്യമംഗലം 44 പെർമിറ്റ്സ്, മുള്ളരിങ്ങാട് 7 പെർമിറ്റ്സ് എന്നിവയാണ് അത്തരത്തിൽ കണ്ടെത്തിയ പാസ്സുകൾ എന്നാൽ പ്രത്യേകമായ കണക്കെടുപ്പ് നടത്തിയിട്ടില്ല. |
| (ബി) | ഈ സംഭവത്തിൽ കുറ്റക്കാരായവരെ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (ബി) | ഈ വിഷയത്തിൽ മുൻ അടിമാലി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ആയിരുന്ന ശ്രീ.ജോജി ജോണിന്റെ ഭാഗത്തു നിന്നും വീഴ്ചകൾ കണ്ടെത്തിയതിനെ തുടർന്ന് 17.12.2021-ലെ സ.ഉ.(സാധാ.) നമ്പർ 418/2021/ വനം നമ്പർ ഉത്തരവ് പ്രകാരം സസ്പെന്റ് ചെയ്യുകയും തുടർന്ന് കഠിനശിക്ഷയുള്ള കുറ്റപത്രം/ കുറ്റാരോപണപത്രിക നൽകി അച്ചടക്കനടപടി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ ഔപചാരിക അന്വേഷണം നടന്നു വരുന്നു. |
| (സി) | ഇത് മൂലം സർക്കാരിനുണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | ഹൈറേഞ്ച് സർക്കിളിന് കീഴിലെ അടിമാലി, നേര്യമംഗലം, മുള്ളരിങ്ങാട്, തൊട്ടുപുഴ റെയിഞ്ചുകളിൽ നിന്ന് പട്ടയ ഉടമകൾക്ക് രാജകീയ മരങ്ങൾ വെട്ടാൻ അനുമതി നൽകിയ ഉത്തരവ് |

| | | | |
|---|---|---|---|
| | | | റദ്ദാക്കിയതിനു ശേഷം (02.02.2021-ന് ശേഷം) ഈട്ടി, തേക്ക് എന്നീ ഇനങ്ങളിൽപ്പെട്ട മരങ്ങൾ മുറിച്ചതുമായി ബന്ധപ്പെട്ട കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. മരങ്ങൾ മുറിച്ച് നീക്കിയതുമൂലം ആകെ 12,41,285/- (പന്ത്രണ്ട് ലക്ഷത്തി നാല്പത്തി ഒന്നായിരത്തി ഇരുന്നൂറ്റിഎൺപത്തി അഞ്ചുരൂപ) യുടെ നഷ്ടം വനം വകുപ്പ് കണക്കാക്കിയിട്ടുണ്ട്. ടി മരംമുറിയുമായി ബന്ധപ്പെട്ട് ഒ.ആർ. കേസുകൾ രജിസ്റ്റർ ചെയ്യുകയും 1957- ലെ ഭൂസംരക്ഷണ നിയമ പ്രകാരം നടപടികൾ സ്വീകരിക്കുന്നതിന് റവന്യൂ വകുപ്പിന് റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ